**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 501** | **13-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ജി സ്റ്റീഫൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതു ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഗുണഭോക്താക്കളും സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും, മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ, ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവഹണം നടത്തുന്നത്. |
| (ബി) | പദ്ധതി നടത്തിപ്പിനായി സംസ്ഥാന, ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട സമിതികളുടെ ചുമതലകളും പ്രവർത്തനങ്ങളും വിശദമാക്കാമോ; പദ്ധതി നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ചുമതലകൾ വ്യക്തമാക്കാമോ; | (ബി) | പദ്ധതി നടത്തിപ്പിനായി സംസ്ഥാന, ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട സമിതികളുടെ ചുമതലകളും, പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ചുമതലകളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഗ്രാമീണ ഭവനങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, സെൻസസ് വിവരങ്ങളിൽ നിന്നും ലഭ്യമായ സംസ്ഥാനത്തെ ഗ്രാമീണ ഭവനങ്ങളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (IMIS) ൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ അനുസരിച്ചാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഉപഭോക്തൃ വിഹിതം അടക്കേണ്ടതുണ്ടോയെന്നും എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിയും എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പദ്ധതിയുടെ മാർഗരേഖ പ്രകാരം പദ്ധതിച്ചെലവിന്റെ 10% ഉണഭോക്തൃവിഹിതമായി അടക്കേണ്ടതുണ്ട്. ഉണഭോക്തൃ വിഹിതം പണമായോ, സേവനമായോ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളായോ ലഭ്യമാക്കാവുന്നതാണ്. 2024-ഓട് കൂടി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം * 501 (ബി)

സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും, ജില്ലാതലത്തിൽ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും, ഗ്രാമ തലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

### സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ

സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന് അപെക്സ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അപെക്സ് കമ്മിറ്റി സംസ്ഥാനതലത്തിൽ ജല ജീവൻ പദ്ധതിയുടെ നയരൂപീകരണം, ആസൂത്രണം, പദ്ധതി നിർവഹണ തന്ത്രങ്ങൾക്ക് രൂപവും ദിശാബോധവും നൽകുക എന്നീ ചുമതലകൾ നിർവഹിക്കുന്നു. ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ രൂപീകരണത്തിനാവശ്യമായ എല്ലാ സഹായവും ഉപദേശവും നൽകുക, പ്രസ്തുത മിഷന് ആവശ്യമായ ശേഷിയും നൈപുണ്യവും ആർജിക്കുവാനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക, ജില്ലാതല കർമ്മ പദ്ധതിക്ക് അനുമതി നൽകുക, പദ്ധതി നിർവഹണത്തിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുക മുതലായ കാര്യങ്ങൾ നിർവഹിക്കുന്നു.

### ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ

ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ ബന്ധപ്പെട്ട ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ കർമ്മപദ്ധതി ഉറപ്പാക്കുക, ജില്ലാതലത്തിൽ പദ്ധതികൾക്ക് അനുമതി നൽകുക, ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കുക, ഗ്രാമതല കമ്മിറ്റികളും സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുമായുള്ള ഏകോപനം സാധ്യമാക്കുക എന്നീ ചുമതലകളാണ് പ്രധാനമായും നിർവഹിക്കുന്നത്.

### ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റി

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായുള്ള ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റി ഗ്രാമതലത്തിൽ ജന പങ്കാളിത്തത്തോടെ ജല ജീവൻ മിഷന്റെ കർമ്മപദ്ധതി തയ്യാറാക്കുക, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പരിപാലനം, കുടിവെള്ള ഗുണനിലവാരം ഉറപ്പാക്കൽ തുടങ്ങിയവയിൽ ജനങ്ങളെ പ്രാപ്തരാക്കുക, പദ്ധതി നിർവഹണത്തിൽ ഗുണഭോക്തൃവിഹിതം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ ചുമതലകൾ നിർവഹിക്കുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല

പദ്ധതിയുടെ മാർഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കാവശ്യമായ കുടിവെള്ള പദ്ധതികളുടെ ആസൂത്രണം, രൂപകൽപ്പന, നിർവഹണം മുതലായവ ബന്ധപ്പെട്ട തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഇതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് അനുയോജ്യമായ നിർവഹണ ഏജൻസിയുടെ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കേണ്ടത്. ഇതിനായി ഗുണഭോക്തൃ സമിതികളെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പരിപാലന ചുമതലകൾ ഏറ്റെടുത്ത് നടപ്പിലാക്കത്തക്കവണ്ണം ശാക്തീകരിക്കേണ്ടതുണ്ട്. ഇതിനായി ഇമ്പ്ലിമെന്റിങ് സപ്പോർട്ടിങ്

ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ പദ്ധതി നിർവഹണ ചെലവിന്റെ 15% ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ഇതിനുപുറമെ 10 %

ഗുണഭോക്തൃവിഹിതവും ലഭ്യമാക്കേണ്ടതുണ്ട്. തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും ജല ജീവൻ പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കിയെന്ന് ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഗുണഭോക്തൃസമിതികളെ പരിശീലിപ്പിക്കുക അതുവഴി കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുക മുതലായവയും തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടും.